കേരള സർക്കാർ

വ്യാവസായിക പരിശീലന വകുപ്പ്

<u>പ്രോസ്പെക്ടസ് നമ്പർ - SCVT/01/2026</u>

# <u>സർക്കാർ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്</u>

<u>ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി അനുസരിച്ച് കേരള സർക്കാരിന്റെ കീഴിലുള്ള SCVT-യുടെ പാഠ്യപദ്ധതി പ്രകാരം സർക്കാർ ഐ.ടി.ഐ കളിൽ അനുവദിച്ചിട്ടുള്ള 6 മാസം കാലാവധിയുള്ള കോഴ്സിന്റെ 2026 ഫെബ്രുവരി സെഷനിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള പ്രോസ്പെക്ടസ്</u>

ഉള്ളടക്കം


| ക്രമ.നം. | | പേജ് |
|---|---|---|
| 1 | പ്രധാന തീയതികൾ | 5 |
| 2 | ട്രേഡുകളും, വിദ്യാഭ്യാസ യോഗ്യതകളും | 6 |
| 3 | പ്രായം | 6 |
| 4 | പ്രവർത്തന സമയം | 6 |
| 5 | തെരഞ്ഞെടുപ്പും പ്രവേശനവും | 7 |
| 6 | നേറ്റിവിറ്റി/ഡൊമിസെയിൽ | 9 |
| 7 | ആവർത്തന പ്രവേശനം | 10 |
| 8 | സംവരണം | 11 |
| 9 | ആനുകൂല്യങ്ങൾ | 14 |
| 10 | നിർബന്ധിത ഹാജർ ശതമാനം | 14 |
| 11 | സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് | 15 |
| 12 | ഫീസ് | 16 |
| 13 | അപേക്ഷ സമർപ്പിക്കേണ്ട രീതി | 16 |
| 14 | അപേക്ഷാ ഫീസ് | 16 |
| 15 | നിബന്ധനകൾ | 17 |
| 16 | അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 17 |

| | | |
|---|---|---|
| 17 | <u>അനുബന്ധം - 1</u><br><br>എസ്.സി.വി.റ്റി പാഠ്യപദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐകളിൽ 2026 ഫെബ്രുവരി സെഷനിൽ പ്രവേശനം നടത്തുന്ന ട്രേഡുകളുടെ വിവരം | 19 |
| 18 | <u>അനുബന്ധം - 2</u><br><br>2026 ഫെബ്രുവരി സെഷനിൽ പ്രവേശനം നൽകുന്ന ഐ.ടി.ഐകളും എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും, യൂണിറ്റുകളും | 21 |

## ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി അനുസരിച്ച് കേരള സർക്കാരിന്റെ കീഴിലുള്ള SCVT-യുടെ പാഠ്യപദ്ധതി പ്രകാരം സർക്കാർ ഐ.ടി.ഐ കളിൽ അനുവദിച്ചിട്ടുള്ള 6 മാസം കാലാവധിയുള്ള കോഴ്സിന്റെ 2026 ഫെബ്രുവരി സെഷനിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള പ്രോസ്പെക്ടസ്

എസ്.സി.വി.റ്റി പാഠ്യപദ്ധതി അനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ.കളിൽ എൻ.സി.വി.റ്റി-യുടെ അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകളിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് എൻ.റ്റി.സി-യ്ക്ക് തുല്യമായ കേരള പി.എസ്.സി അംഗീകരിച്ച എസ്.റ്റി.സി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

1. <u>പ്രധാന തീയതികൾ</u>

| | | | |
|---|---|---|---|
| 1 | പൂരിപ്പിച്ച അപേക്ഷ ഐ.ടി.ഐ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ട അവസാന തീയതി | : | **13/02/2026 upto 5PM** |
| 2 | സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | **18/02/2026**<br><br>ബന്ധപ്പെട്ട ഐ.ടി.ഐ.കളിൽ പ്രസിദ്ധീകരിക്കുന്നതാണ്. |
| 4 | അഡ്മിഷൻ തീയതി | : | **20/02/2026**<br><br>പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും SMS വഴിയും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അറിയിക്കുന്നതാണ്. |
| 5 | അഡ്മിഷൻ നടപടികൾ അവസാനിക്കുന്ന തീയതി | : | **25/02/2026** |
| 6 | ക്ലാസ് ആരംഭിക്കുന്ന തീയതി | : | **.23/02/2026** |

മേൽ പ്രസ്താവിച്ച തീയതികൾക്ക് ഏതെങ്കിലും കാരണവശാൽ മാറ്റം വരുന്ന പക്ഷം ആയത് പ്രിൻസിപ്പാൾമാർ നോട്ടീസ്/പത്രപരസ്യം ചെയ്യുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് അതാത് ഐ.ടി.ഐ-കളിൽ പ്രസിദ്ധീകരിക്കുന്നതും ടി വിവരത്തിന് പ്രിൻസിപ്പാൾമാർ നോട്ടീസ്/പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യം ചെയ്യുന്നതുമായിരിക്കും.

**2. ട്രേഡുകളും, വിദ്യാഭ്യാസ യോഗ്യതകളും**

(എ) എസ്.എസ്.എൽ.സി ജയിച്ചവർക്കും, എസ്.എസ്.എസ്.എൽ.സി തോറ്റവർക്കും / തത്തുല്യ യോഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ആറ് മാസ ദൈർഘ്യമുള്ള ട്രേഡാണ് നിലവിൽ ഉള്ളത്. (അനുബന്ധം 1 കാണുക)

(ബി) സാക്ഷരതാ മിഷൻ നടത്തുന്ന ലെവൽ എ സ്റ്റാൻഡേർഡ് 10 തുല്യതാ പരീക്ഷ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുല്യമായിരിക്കും. (ജി.ഒ. (എം.എസ്) നം.78/2004/ജന. എഡ്യു., തീയതി: 09.03.2004)

(സി) സംസ്ഥാനത്തെ ഐ.ടി.ഐ-കളിലെ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന് സി.ബി.എസ്.ഇ സ്കൂൾ തലത്തിൽ നടത്തുന്ന പത്താം ക്ലാസ് സ്കൂൾ തല പരീക്ഷ വിജയിച്ച അപേക്ഷകരെയും, നോൺ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന് സി.ബി.എസ്.ഇ പത്താം ക്ലാസ് സ്കൂൾതല പരീക്ഷയിൽ പങ്കെടുത്ത അപേക്ഷകരെയും പരിഗണിക്കുന്നതാണ്. (സ.ഉ (സാധാ)നം.1227/2016/തൊഴിൽ തീയതി 03.10.2016).

(ഡി) ബധിരർ/മൂകർ (Deaf & Dumb) ആയ അപേക്ഷകർക്ക് ട്രെയിനിംഗ് ലഭിയ്ക്കുന്നതിന് മറ്റു തരത്തിൽ അയോഗ്യതയില്ലെങ്കിൽ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിൽ ഇംഗ്ലീഷിന് പകരമായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ മാർക്ക് ഇംഗ്ലീഷ് വിഷയത്തിന് തുല്യമായി കണക്കാക്കി ഐ.ടി.ഐ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്. (സർക്കുലർ നമ്പർ. സി1/17517/2010, തീയതി: 26.09.2010)

(ഇ) National Institute of Open Schooling നൽകുന്ന Secondary/Higher Secondary School Certificate നിബന്ധനകൾക്ക് വിധേയമായി 12.05.2011-ലെ G.O.(Rt)No.1768/2011/G.Edn. പ്രകാരം State Board Examination-ന് തുല്യമാക്കിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരമുള്ള സർട്ടിഫിക്കറ്റ് നേടിയവർക്കും ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.(ഉത്തരവ് നമ്പർ. സി1/17190/10, തീയതി: 30.07.12)

**(എഫ്) പ്രൈവറ്റായി എസ്.എസ്.എൽ.സി എഴുതി തോറ്റവർക്ക് ഐ.ടി.ഐ-യിൽ പ്രവേശനത്തിന് അർഹതയില്ല .**

**3. പ്രായം**

01.02.2026-ൽ 18 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധിയില്ല.

**4. പ്രവർത്തന സമയം**

എല്ലാ ഐ.ടി.ഐ-കളും തിങ്കൾ മുതൽ ശനി വരെ രാവിലെ 7.50 am മുതൽ 3 pm

വരെയും, 10 am മുതൽ 5.10 pm വരെയും ഉള്ള രണ്ടു ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തിക്കുന്നത് (സ.ഉ. (സാധാ.) (നം. 12564/2024/ തൊഴിൽ, തീയതി: 06.12.2024 ലെ വ്യവസ്ഥകൾക്ക് വിധേയമായി). ഐ.ടി.ഐ.കൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലന സ്ഥാപനങ്ങളാണ്.

<u>5. തെരഞ്ഞെടുപ്പും, പ്രവേശനവും</u>

ഓരോ വർഷവും ആഗസ്റ്റ് മുതൽ ജനുവരി വരെയും, ഫെബ്രുവരി മുതൽ ജൂലൈ വരെയും 6 മാസം കാലാവധിയുള്ള ട്രേഡിൽ പരിശീലനം നൽകുന്നതാണ്. നോൺ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിനുവേണ്ടി അപേക്ഷകന് മെട്രിക്കുലേഷൻ പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് (ആകെ 3 0 0 മാർക്കിന്) ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന ലഭിക്കും.

5(എ). എസ്.എസ്.എൽ.സി-യ്ക്ക് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നതിനു ശേഷം ലഭിയ്ക്കുന്ന മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്ന രീതി ചുവടെ ചേർക്കുന്നു. 2005 വർഷത്തെ മാർക്ക് ലിസ്റ്റിൽ കണ്ടിന്യുയിംഗ് ഇവാല്യൂവേഷൻ ഉള്ള മാർക്കും(10) തിയറിയ്ക്ക് ഉള്ള മാർക്കും (50) ഗ്രേഡിനൊപ്പം കാണിച്ചിരിക്കുന്നു. ഇത്തരം മാർക്ക് ലിസ്റ്റിന് അനുവദിക്കപ്പെടുന്ന ഇൻഡക്സ് മാർക്ക് ചുവടെ കുറിച്ചിരിക്കുന്ന തരത്തിൽ കണക്കാക്കുന്നു. ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്-I, മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, 300 മാർക്കിലേയ്ക്ക് ചുവടെ കുറിയ്ക്കുന്ന ഫോർമുല അനുസരിച്ച് മാറ്റുന്നു.

<u>6 വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് x 300</u>

360

ഇതോടൊപ്പം അനുവദനീയമായ ഗ്രേസ് മാർക്ക് കൂടി കൂട്ടുന്നു.

5 (ബി). 2006-നു ശേഷമുള്ള എസ്.എസ്.എൽ.സി-യുടെ മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി ചുവടെ ചേർക്കുന്നു.

| ഗ്രേഡ് | മാർക്ക് | ഇൻഡക്സ് മാർക്ക് | ഗ്രേഡ് | മാർക്ക് | ഇൻഡക്സ് |
|---|---|---|---|---|---|
| A+ | 90-ന് മുകളിൽ | 95 മാർക്ക് | C | 40 മുതൽ 49 വരെ | 45 മാർക്ക് |
| A | 80 മുതൽ 89 വരെ | 85 മാർക്ക് | D+ | 30 മുതൽ39 വരെ | 35 മാർക്ക് |
| B+ | 70 മുതൽ 79 വരെ | 75 മാർക്ക് | D | 20 മുതൽ 29 വരെ | 25 മാർക്ക് |
| B | 60 മുതൽ 69 വരെ | 65 മാർക്ക് | E | 20-ന് താഴെ | 15 മാർക്ക് |
| C+ | 50 മുതൽ59 വരെ | 55 മാർക്ക് | | | |

ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II, ഫിസിക്സ്, കെമസ്ട്രി, മാത്തമാറ്റിക്സ്-I,

മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കും (300-ൽ) അർഹതപ്പെട്ട ഗ്രേസ് മാർക്കും അനുവദിയ്ക്കുന്നു.

5(സി).സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കീമിൽ പാസ്സായവർക്ക്/ പരാജയപ്പെട്ടവർക്ക് ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾക്ക് ലഭിച്ച ആകെ മാർക്കിന്റെ (300-ൽ) അടിസ്ഥാനത്തിലാണ് മുൻഗണന ലഭിക്കുന്നത്. ഗ്രേഡിംഗ് സമ്പ്രദായത്തിലുള്ള CBSE / ICSEപരീക്ഷ വിജയിച്ചവരുടെ / പരാജയപ്പെട്ടവരുടെ മാർക്കുകൾ അതാത് വെബ് സൈറ്റുകൾ പരിശോധിച്ച് കണക്കാക്കേണ്ടതാണ്.

5 (ഡി). നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് നൽകുന്ന സർട്ടിഫിക്കറ്റ് നേടിയവർക്ക് ഇംഗ്ലീഷ് (Code 202), സയൻസ് (തിയറി & പ്രാക്ടിക്കൽ) (Code 212), കണക്ക് (Code 211) എന്നീ വിഷയങ്ങൾക്ക് ഓരോന്നിനും 100 മാർക്കിൽ ലഭിച്ച മാർക്ക് എടുത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. ഇംഗ്ലീഷ് വിഷയത്തിന്റെ മാർക്ക് ലഭ്യമാണെങ്കിൽ ഇംഗ്ലീഷിന്റെ മാർക്കും ആയത് ലഭ്യമല്ലാ എങ്കിൽ പ്രാദേശിക ഭാഷകൾക്ക് ലഭിച്ച കൂടുതൽ മാർക്കും ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

5 (ഇ) ഉയർന്ന വിദ്യാഭ്യാസ യോഗ്യത/അധിക യോഗ്യതയുള്ളവർക്ക് താഴെ പറയും പ്രകാരം ഗ്രേസ് മാർക്ക് നൽകുന്നതാണ്.

| ക്രമ നമ്പർ | വിഭാഗം | അധിക യോഗ്യത | ഗ്രേസ് മാർക്ക് |
|---|---|---|---|
| 1 | നോൺ മെട്രിക് ട്രേഡ് | മെട്രിക്കുലേഷൻ വിജയം | 20 |
| 2 | എല്ലാ ട്രേഡുകൾക്കും | സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് | ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനുള്ള വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ 10%, കൂടി ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. |
| | | സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ രണ്ടാം സ്ഥാനം നേടിയവർക്ക് | ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനുള്ള വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ 5%, കൂടി ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ് |

| | | | |
|---|---|---|---|
| 3 | എല്ലാ ട്രേഡുകൾക്കും | എൻ.സി.സി-യിൽ പരിശീലനത്തിനു ശേഷം എ/ബി/സി സർട്ടിഫിക്കറ്റ് നേടിയവർക്ക് | എ - 5 മാർക്ക്, ബി - 7 മാർക്ക്, സി - 10 മാർക്ക് |
| 4 | എല്ലാ ട്രേഡുകൾക്കും | National Service Scheme (NSS) പരിശീലനത്തിനു ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റ് നേടിയവർക്ക്<br><br>സ.ഉ (സാധാ) നം.748/2023/LBR, തീയതി : 19.06.2023 | 10 മാർക്ക് |

**6. നേറ്റിവിറ്റി/ഡൊമിസെയിൽ (5 വർഷം) സർട്ടിഫിക്കറ്റ്**

കേരളത്തിൽ സ്ഥിര താമസമുള്ളവർക്ക് മാത്രമേ സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ പ്രവേശനമുള്ളൂ. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ജനിച്ചവരാണെങ്കിൽ കഴിഞ്ഞ 5 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരാനെന്നുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അവരെയും അഡ്മിഷന് പരിഗണിക്കുന്നതാണ്. വിദേശ പൗരന്മാർക്ക് ഐറ്റിഐ പ്രവേശനം അനുവദിക്കുന്നതല്ല (തൊഴിലും നൈപുണ്യവും (സി) വകുപ്പ് സെക്രട്ടറിയുടെ 13.12.2024 ലെ LBRD-C2/162/2023-LBRD നമ്പർ കത്ത്).

ബ്ലോക്കുകളുടെ പുനഃക്രമീകരണത്തിന്റെ ഫലമായി പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന ബ്ലോക്കുകളിൽ മാറ്റം വന്നിട്ടുള്ളതിനാൽ 10.05.2018-ലെ സ.ഉ (സാധാ) നം.547/2018/തൊഴിൽ നമ്പർ ഉത്തരവ് അനുസരിച്ച് താഴെ പറയുന്ന 8 ജില്ലകളിലെ 24 ബ്ലോക്കുകളിലെ അപേക്ഷകർക്ക് 10 മാർക്ക് ഗ്രേസ് മാർക്കായി ലഭിയ്ക്കുന്നതാണ്.

| ക്രമ നം. | ബ്ലോക്ക് | ജില്ല |
|---|---|---|
| 1 | വെള്ളനാട് | തിരുവനന്തപുരം |
| 2 | പെരുങ്കടവിള | തിരുവനന്തപുരം |
| 3 | ദേവികുളം | ഇടുക്കി |
| 4 | അഴുത | ഇടുക്കി |
| 5 | നെടുംകണ്ടം | ഇടുക്കി |
| 6 | അട്ടപ്പാടി | പാലക്കാട് |
| 7 | കൊല്ലങ്കോട് | പാലക്കാട് |
| 8 | നെന്മാറ | പാലക്കാട് |

൧

| | | |
|---|---|---|
| 9 | ചിറ്റൂർ | പാലക്കാട് |
| 10 | കൽപ്പറ്റ | വയനാട് |
| 11 | സുൽത്താൻബത്തേരി | വയനാട് |
| 12 | മാനന്തവാടി | വയനാട് |
| 13 | പനമരം | വയനാട് |
| 14 | നിലമ്പൂർ | മലപ്പുറം |
| 15 | കാളികാവ് | മലപ്പുറം |
| 16 | അരീക്കോട് | മലപ്പുറം |
| 17 | പേരാമ്പ്ര | കോഴിക്കോട് |
| 18 | കുന്നുമ്മൽ | കോഴിക്കോട് |
| 19 | തൂണേരി | കോഴിക്കോട് |
| 20 | തളിപ്പറമ്പ് | കണ്ണൂർ |
| 21 | പേരാവൂർ | കണ്ണൂർ |
| 22 | ഇരിട്ടി | കണ്ണൂർ |
| 23 | ഇരിക്കൂർ | കണ്ണൂർ |
| 24 | കാറഡുക്ക | കാസർഗോഡ് |

**മേൽ രേഖപ്പെടുത്തിയിട്ടുള്ള പിന്നോക്ക ബ്ലോക്കിലെ ട്രെയിനികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിലേക്ക് ടി ബ്ലോക്കുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനു പകരമായി കെട്ടിട നികുതി രസീതും, വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടക ചീട്ടും സത്യവാങ്മൂലവും നൽകേണ്ടതും മേൽ രേഖകൾ ഇല്ലാത്തവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. [സ.ഉ.(സാധാ)നം.632/2022/തൊഴിൽ, തീയതി 03.06.2022]**

## 7. ആവർത്തന പ്രവേശനം

ഇതിന് മുമ്പ് എപ്പോഴെങ്കിലും വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സർക്കാർ ഐ.ടി.ഐ-യിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഐ.ടി.ഐ.കളിലെ പ്രവേശന സമയത്ത് ആദ്യമായി പ്രവേശനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന അപേക്ഷകരുടെ എണ്ണം മതിയാകാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ ആവർത്തന പ്രവേശനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കുകയുള്ളൂ. അഡ്മിഷൻ നടപടികൾ അവസാനിക്കുന്ന തീയതിയ്ക്ക് തൊട്ടുമുൻപുള്ള തീയതി വരെയും മതിയായ പരിശീലനാർത്ഥികളെ ലഭിക്കാത്ത സാഹചര്യമാണെങ്കിൽ മാത്രം അഡ്മിഷൻ അവസാനിക്കുന്ന തീയതിയിൽ, ആവർത്തന പ്രവേശനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കാവുന്നതാണ്.

ഇപ്രകാരം ആവർത്തന പ്രവേശനം നേടുന്ന ട്രെയിനികൾക്ക് സ്റ്റൈപ്പന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല. [സ.ഉ. (സാധാ)നം.556/2018/തൊഴിൽ തീയതി 11.05.2018]

## 8. സംവരണം

### 8 (എ) സംവരണക്രമ പ്രകാരം അനുവദിച്ചിട്ടുള്ള സീറ്റുകൾ

ട്രെയിനിംഗ് മാന്വലിലെ വ്യവസ്ഥ പ്രകാരവും, സർക്കാർ ഉത്തരവ് (എം.എസ്) നം.46/77/എൽ.ബി.ആർ, തീയതി:28.06.77 എന്ന ഉത്തരവു പ്രകാരവും സ.ഉ(കൈ) നം.49/2020/തൊഴിൽ, തീയതി 05.11.2020എന്ന ഉത്തരവു പ്രകാരവും നിശ്ചിത സീറ്റുകൾ താഴെ പ്പറയുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

| ക്രമ.നം | വിഭാഗം | സംവരണം |
|---|---|---|
| 1 | പട്ടികജാതി | 8% |
| 2 | പട്ടികവർഗ്ഗം | 2% |
| 3 | ഈഴവർ | 9% |
| 4 | മുസ്ലീം | 8% |
| 5 | മറ്റ് പിന്നോക്ക ഹിന്ദുക്കൾ | 5% |
| 6 | ലത്തീൻ കത്തോലിക്കർ | 2% |
| 7 | മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ (മതപരിവർത്തനം ചെയ്ത പട്ടികജാതി, എസ്.ഐ.യു.സി നാടാർ)<br><br>[സ.ഉ. (എം.എസ്) നം. 118/95/എൽ.ബി.ആർ, തീയതി: 27.11.95] | 1% |
| 8 | ജവാൻ കാറ്റഗറി - ആകെ 15% താഴെ പറയുന്ന ക്രമ പ്രകാരം<br><br>[സ.ഉ. (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.06.77] | |
| | (എ) മരണപ്പെട്ട/അംഗഭംഗം സംഭവിച്ച, സമാധാനകാലത്ത് കൊല്ലപ്പെട്ട/അംഗഭംഗം സംഭവിച്ച ഭടന്മാരുടെ/വിമുക്തഭടന്മാരുടെ സന്താനങ്ങൾ | |
| | (ബി) വിമുക്തഭടന്മാരുടെ സന്താനങ്ങൾ | |
| | (സി) സേവനത്തിലുള്ള ജവാന്മാരുടെ സന്താനങ്ങൾ | |
| | (ഡി) സേവനത്തിലുള്ള ആഫീസർമാരുടെ സന്താനങ്ങൾ | |
| | (ഇ) വിമുക്ത ഭടന്മാർ | |
| 9 | മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് | 10% |

| | | |
|---|---|---|
| | സ.ഉ (കൈ) നം.49/2020/തൊഴിൽ, തീയതി 05.11.2020) (ഇതുമായി ബന്ധപ്പെട്ട് സ.ഉ (എം.എസ്) നം.2/2020/ഉ.ഭ.പ.വ തീയതി 12.02.2020 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്). | |

8(ബി) സംവരണ ക്രമത്തിനുപരിയായി അനുവദിച്ചിട്ടുള്ള സീറ്റുകൾ

| | | |
|---|---|---|
| (i) (a) | ബർമ്മ/ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് 01.06.1963-ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/ അവരുടെ സന്താനങ്ങൾ/ ഉഗാണ്ടയിൽനിന്ന് പുറത്താക്കപ്പെട്ടവർ/ അവരുടെ സന്താനങ്ങൾ | പരമാവധി 5സീറ്റ് (ഓരോ ഐ.ടി.ഐ യിലും) |
| b) | 2017 വർഷം ഓഖി ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾ<br><br>(സ.ഉ (കൈ)നം.26/2018/തൊഴിൽ തീയതി 15.05.2018) | |
| (ii) | ഇന്ത്യൻ പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ചിട്ടുള്ള സ്കൗട്ടുകൾ/ഗൈഡുകൾ | 1 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും) |
| (iii) | അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ | 5 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും) |
| (iv) | ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ | മെട്രിക്, നോൺ മെട്രിക് ട്രേഡുകളിലേക്ക് പരമാവധി അനുവദിച്ച സീറ്റിന്റെ 25%<br><br>(പരമാവധി 15 സീറ്റ്) |
| (v) | അംഗപരിമിതർ | 4% |
| | 1:1:1:1 എന്ന അനുപാതത്തിൽ ചുവടെ ചേർത്തിരിക്കുന്ന (a), (b), (c) വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ ശതമാനം വീതവും (d)യും (e) യും വിഭാഗത്തിലുള്ളവർക്ക് ആകെ ഒരു ശതമാനവും.(സ.ഉ. (സാധാ) നം. 725/2019/തൊഴിൽ, തീയതി: 20.06.19)<br><br>DGT നിശ്ചയിച്ച് നൽകിയിട്ടുള്ള യോഗ്യതാ പട്ടിക പ്രകാരം അർഹരായ ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രവേശനം അനുവദനീയമാണ്. | |
| | a. blindness and low vision | |

| | | |
|---|---|---|
| | b. deaf and hard hearing | |
| | c. locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy | |
| | d. autism, intellectual disability, specific learning disability and mental illness | |
| | e. Multiple disabilities from amongst persons under items (a) to (d) including deaf-blinded in the posts identified for each disabilities. | |
| (vi) | സ്പോർട്സിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ (ഈ വിഭാഗത്തെ സ്പോർട്സ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്നതാണ്) [സ.ഉ. (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.06.77] | 5 സീറ്റ് |

(സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിശ്ചിത തീയതിക്കകം ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ടിന്റെ 2 പകർപ്പുകൾ എടുത്ത് ബന്ധപ്പെട്ട രേഖകളുമായി സ്പോർട്സ് കൗൺസിലിൽ ഹാജരാക്കേണ്ടതാണ്. അതാത് ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ലഭിക്കുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ ക്വാട്ടയിൽ പ്രവേശനം നൽകുകയുള്ളൂ).

**100%** റോസ്റ്റർ സാധ്യമല്ലാത്ത ഐ.ടി.ഐ-കളിൽ (അതായത് ആകെ സീറ്റ് 100-ൽ താഴെ മാത്രമുള്ള ഐ.ടി.ഐ-കളിൽ) അനാഥാലയത്തിലെ അന്തേവാസികൾ, ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ, ഭിന്നശേഷിക്കാർ, സ്പോർട്സ് പ്രാവീണ്യം നേടിയവർ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്ക് ഓരോ സീറ്റ് മാത്രം സംവരണം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| (vii) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് ഹോമിലേയും, ആഫ്റ്റർ കെയർ ഹോമിലേയും യോഗ്യരായ അന്തേവാസികൾക്ക് സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ പ്രവേശനത്തിന് ഓരോ ട്രേഡിലും 2 സീറ്റ് സംവരണം ചെയ്തിരിക്കുന്നു. (സ.ഉ. (സാധാ.) നം. 1519/2009/തൊഴിൽ, തീയതി: 29.09.2009) | |
| (viii) | ആംഗ്ലോ ഇന്ത്യൻ<br><br>(സ.ഉ (എം.എസ്) നം. 118/95/തൊഴിൽ, തീയതി: 27.11.1995) | ഒരു സീറ്റ് (ഓരോ ഐ.ടി.ഐ.യിലും) |
| (ix) | ഓരോ ഐ.ടി.ഐ-യിലേയും എല്ലാ ട്രേഡുകളിലേയും **30%** സീറ്റ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. (ഡി.ജി.ഇ.റ്റി-19(27)/2007-സി.ഡി, തീയതി: 02.06.08) ഇതിൽ മുകളിൽ ചേർത്തിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെടുന്നവരും ഉൾപ്പെടുന്നതാണ്. പെൺകുട്ടികളിൽ നിന്നും മതിയായ എണ്ണം അപേക്ഷകരില്ലാത്തപക്ഷം | |

13

| | |
|---|---|
| | ആൺകുട്ടികളുടെ അപേക്ഷ പരിഗണിക്കുന്നതാണ്. |

**9. ആനുകൂല്യങ്ങൾ**

ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐ-കളിൽ പ്രവേശനം ലഭിച്ചവരിൽ ദൂരപരിധി കണക്കാക്കി നിശ്ചിത ശതമാനം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതാണ്. ഓരോ ഐ.ടി.ഐ-യിലേയും sanctioned strength-ന്റെ 50% പരിശീലനാർത്ഥികൾക്ക് പ്രതിമാസം 120/- രൂപ വീതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. രക്ഷകർത്താവിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. പരിശീലനാർത്ഥി മാതാപിതാക്കളുടെയോ നിയമാനുസൃതമുള്ള രക്ഷകർത്താവിന്റെയോ വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെ കൊണ്ട് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പാളിന്റെ നിർദേശാനുസരണം സമർപ്പിക്കേണ്ടതാണ്. അർഹരായുള്ള പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ബന്ധപ്പെട്ട വെൽഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപ്പന്റ് നൽ കുന്നതാണ്. <u>ഒരു ട്രെയിനിക്ക് ഒരു ട്രെയിനിംഗ് കാലയളവിൽ ഒരു ഇനം സ്റ്റൈപ്പന്റിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ</u>".

ട്രെയിനികളുടെ സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ദേശസാൽകൃത ബാങ്ക് മുഖേന മാത്രമായിരിക്കും വിതരണം ചെയ്യുന്നത്. ആയതിനാൽ പ്രവേശനം ലഭിയ്ക്കുന്ന എല്ലാ പരിശീലനാർത്ഥികളും പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്.

**10. നിർബന്ധിത ഹാജർ ശതമാനം**

(എ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് പരിശീലനാർത്ഥിയ്ക്ക് ഏറ്റവും കുറഞ്ഞത് 80% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം.

(ബി) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ 10 പരിശീലന ദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ നിർബന്ധമായും പരിശീലന പദ്ധതിയിൽ നിന്നും പുറത്താക്കുന്നതും ഹാജരാകാതിരുന്ന ആദ്യ ദിവസത്തെ തീയതി മുതൽ മുൻകാല പ്രാബല്യത്തോടുകൂടി അവരുടെ പേര് രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതുമാണ്.

(സി) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവൃത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ, അതായത് ഹാജർ 50 ശതമാനത്തിൽ കുറവായാൽ അവരെ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതാണ്. അങ്ങനെ പിരിച്ചുവിടപ്പെട്ട പരിശീലനാർത്ഥിയ്ക്ക് പുനഃപ്രവേശനം സാധ്യമല്ല.

## 11. സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ്

എസ്.സി.വി.റ്റി കോഴ്സുകൾ, സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന കോഴ്സുകൾ ആണ്. സർക്കാർ ഐ.ടി.ഐ-കളിലെ എസ്.സി.വി.റ്റി ട്രേഡുകളിൽ/യൂണിറ്റുകളിൽ 80%ത്തിൽ കുറയാതെ നിർബന്ധിത ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കിയവർക്ക്, എസ്.സി.വി.റ്റി നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ടി പരീക്ഷ വിജയിക്കുന്നവർക്ക് എസ്.സി.വി.റ്റിയുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 12. ഫീസ്

പ്രവേശന സമയത്ത് ഓരോ പരിശീലനാർത്ഥിയും താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്. [സ.ഉ (അച്ചടി) നം.28/2018/ധന തീയതി 08.03.2019, ട്രെയിനിംഗ് ഡയറക്ടറുടെ 27.03.2019 -ലെ ബി1/9281/18 നമ്പർ ഉത്തരവ്].

| ഇനം | ആറു മാസം /ഒരു വർഷ കോഴ്സിന് |
|---|---|
| 1. കോഷൻ ഡെപ്പോസിറ്റ് | 110 രൂപ |
| 2. ജാമ്യ നിക്ഷേപം | 110 രൂപ |
| 3. മെയിന്റനൻസ് ഫീസ് | 440 രൂപ |
| 4. സ്പോർട്സ് ഫീസ് | 60 രൂപ |
| 5. മാഗസീൻ ഫീസ് | 60 രൂപ |
| 6. കൗൺസിൽ ഫീസ് | 60 രൂപ |
| 7. അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് | 110 രൂപ |
| **ആകെ** | **950 രൂപ** |

ഇതിനു പുറമെ കേന്ദ്ര/സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലനാർത്ഥികൾ ബാദ്ധ്യസ്ഥരാണ്.

പരിശീലന സമയത്ത് സ്ഥാപനത്തിലെ പഠനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലനാർത്ഥിയുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കുവാൻ പരിശീലനാർത്ഥി ബാദ്ധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്, ജാമ്യനിക്ഷേപം എന്നിവയിൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അതു കിഴിച്ച് ബാക്കി തുക തിരികെ നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കി

മൂന്ന് വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

എസ്.സി/എസ്.റ്റി/ഒ.ഇ.സിവിഭാഗം പരിശീലനാർത്ഥികൾ മെയിന്റനൻസ് ഫീസ് അടയ്ക്കേണ്ടതില്ല. ഒ.ഇ.സി വിഭാഗം ട്രെയിനികളുടെ മെയിന്റനൻസ് ഫണ്ട് അതാത് വകുപ്പിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടതും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ ട്രെയിനികളിൽ നിന്നും സ.ഉ (അച്ചടി) നം. 09/2023/പജപവവിവ തീയതി 26/12/2023, സ.ഉ (അച്ചടി) നം. 02/2023/പജപവവിവ തീയതി 05/01/2023 വ്യവസ്ഥകൾക്ക് വിധേയമായി നോൺ റീഫണ്ടബിൾ ഫീസ് (ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് (മെയിന്റനസ് ഫണ്ട്) ) എന്നിവ ഈടാക്കേണ്ടതുമാണ്.

## 13. അപേക്ഷ സമർപ്പിക്കേണ്ട രീതി

അപേക്ഷാ ഫാറം, പ്രോസ്പെക്ടസിനോടൊപ്പം വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കും. അപേക്ഷാഫാറം ഡൌൺലോഡ് ചെയ്ത് പ്രിൻറെടുത്ത് പൂരിപ്പിച്ച് അപേക്ഷാഫീസ്/ അപേക്ഷാഫീസ് ഒടുക്കിയ രേഖകൾ, മറ്റ് അവശ്യരേഖകൾ എന്നിവ സഹിതം നിശ്ചിത തീയതിയ്ക്കകം ബന്ധപ്പെട്ട ഐ ടി ഐ കളിലെ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. ഐ ടി ഐ കളിൽ പ്രവേശനം നടത്തുന്ന ട്രേഡുകളുടെ വിവരം പ്രോസ്പെക്ടസിനൊപ്പം അനുബന്ധമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 14. അപേക്ഷാ ഫീസ്

1. അപേക്ഷയോടൊപ്പം "0230-00-L&E-800-Other Reciepts-88- Other Items" എന്ന ശീർഷകത്തിൽ 100/- രൂപ ട്രഷറിയിലൊടുക്കി അസൽ ചെലാൻ സമർപ്പിക്കണം. അല്ലെങ്കിൽ

2. അപേക്ഷയോടൊപ്പം ഐടിഐയിൽ നേരിട്ടും അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾ പ്രസ്തുത ഐ ടി ഐ കളിൽ ഹെൽപ് ഡസ്ക്കുകൾ മുഖേനയോ പ്രിൻസിപ്പാളിൽനിന്ന് നേരിട്ടോ ലഭ്യമാകുന്നതാണ്. അഡ്മിഷന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അതാത് ഐ ടി ഐ കളിൽ പ്രസിദ്ധീകരിയ്ക്കുന്നതാണ്. കൂടാതെ മൊബൈൽ ഫോൺ മുഖേന എസ്.എം.എസ് സന്ദേശവും ലഭിയ്ക്കും. അഡ്മിഷന് അർഹരായവർ നിശ്ചിത തീയതിയ്ക്കുള്ളിൽ അതാത് ഐടിഐകളിൽ ഫീസൊടുക്കി അഡ്മിഷൻ ഉറപ്പു വരുത്തേണ്ടതാണ്. വിവിധ ഘട്ടങ്ങളിലായി അതാത് ഐ.ടി.ഐ കളിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുമാണ്. ടി തീയതികൾ ഫോൺ സന്ദേശം (എസ്.എം.എസ്) മുഖേനയും, ഓരോ ഐ.ടി.ഐ യിലേയും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അറിയിക്കുന്നതും ബന്ധപ്പെട്ട ഐ.ടി.ഐ കളിൽ ടി വിവരം പ്രസിദ്ധീകരിക്കുന്നതുമാണ്.

**15. നിബന്ധനകൾ**

(എ) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും തികച്ചും അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിന് മുൻപ് പിരിഞ്ഞു പോകാൻ പാടില്ലാത്തതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബാദ്ധ്യസ്ഥരുമാണ്. അച്ചടക്കലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പു കൂടാതെ പിരിച്ചു വിടുന്നതിനും ഉപകരണങ്ങൾക്ക് നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

(ബി) പ്രവേശനം നേടുന്ന ട്രെയിനികൾക്ക് യൂണിഫോം, വർക്കിംഗ് ഡ്രസ്സ് എന്നിവ നിർ ബന്ധമാണ്. (യൂണിഫോമിൽ നിബന്ധനകൾക്ക് വിരുദ്ധമായ മാറ്റങ്ങൾ അനുവദനീയമല്ല.)

**16. അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ**

1. അപേക്ഷകൾ അയക്കുന്ന കവറിന്റെ പുറത്ത് "ഐ ടി ഐ പ്രവേശനത്തിനുള്ള അപേക്ഷ എന്നും", "പ്രോസ്പെക്ടസ് നമ്പരും" വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം

2. അപേക്ഷാഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കാത്തപക്ഷം അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്/ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതാണ്.

3. അപേക്ഷകന്റെയും രക്ഷാകർത്താവിന്റെയും ഒപ്പില്ലാത്ത അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

4. അപേക്ഷ പൂരിപ്പിക്കുമ്പോഴുള്ള വെട്ടി തിരുത്തലുകൾ അപേക്ഷകൻ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള റ്റി.സി (TC) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

6. നിശ്ചിത പ്രായപരിധി കഴിഞ്ഞ് എസ് എസ് എൽ സി പരീക്ഷ ജയിച്ച പോളിയോ ഹോമിലെ അപേക്ഷകരെ പ്രവേശനസമയത്ത് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

7. സംവരണ വിഭാഗത്തിൽപ്പെടുന്നവർ ആയതിലേയ്ക്കുള്ള അസ്സൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

8. നിശ്ചിത സമയപരിധിയ്ക്ക് ശേഷം ഐ ടി ഐ കളിൽ ഹാജരാക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

9. ഓരോ പരിശീലനാർത്ഥിയും അവരവരുടെ ആധാർകാർഡ് നമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ പ്രവേശനത്തിന് ഹാജകരാകുന്ന അവസരത്തിൽ ബന്ധപ്പെട്ട ഐറ്റിഐയിൽ സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി, എസ്.സി.വി.റ്റി

Signed by
Vasudevan P
Date: 04-02-2026 21:28:37

## അനുബന്ധം - 1 (SCVT/01/2026)

**എസ്.സി.വി.ടി പാഠ്യപദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐ കളിൽ അനുവദിച്ചിട്ടുള്ള 6 മാസം കാലാവധിയുള്ള കോഴ്സിന്റെ 2026 ഫെബ്രുവരി സെഷനിലേക്ക് പ്രവേശനം നടത്തുന്ന ട്രേഡിന്റെ വിവരം**

### നോൺ മെട്രിക് ട്രേഡ് (നോൺ എഞ്ചിനീയറിംഗ്)

| ക്രമ നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 6 മാസം | എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത തോറ്റവർക്കും, ജയിച്ചവർക്കും/10 +2 സിസ്റ്റത്തിൽ പത്ത് തോറ്റവർക്കും, ജയിച്ചവർക്കും |

Signed by
Vasudevan P
Date: 06-02-2026 21:10:34

സെക്രട്ടറി, എസ്.സി.വി.ടി

അനുബന്ധം -2 (SCVT/01/2026)

എസ്.സി.വി.റ്റി പാഠ്യപദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐ കളിൽ അനുവദിച്ചിട്ടുള്ള 6 മാസം കാലാവധിയുള്ള കോഴ്സിന്റെ 2026 ഫെബ്രുവരി സെഷനിലേയ്ക്ക് പ്രവേശനം നൽകുന്ന ഐ.ടി.ഐകളും എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും, യൂണിറ്റുകളും

| ക്രമ നം. | ഐ.ടി.ഐകളുടെ പേരും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 1 | ഗവ.ഐ.ടി.ഐ ആറ്റിങ്ങൽ, തിരുവനന്തപുരം | **നോൺ മെട്രിക് ട്രേഡ്** | |
| | | ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 2 | ഗവ.ഐ.ടി.ഐ ചാത്തന്നൂർ, കൊല്ലം | **നോൺ മെട്രിക് ട്രേഡ്** | |
| | | ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 3 | ഗവ.ഐ.ടി.ഐ മയ്യനാട്, കൊല്ലം | **നോൺ മെട്രിക് ട്രേഡ്** | |
| | | ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 4 | ഗവ.ഐ.ടി.ഐ കൊട്ടാരക്കര, കൊല്ലം | **നോൺ മെട്രിക് ട്രേഡ്** | |
| | | ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |

Signed by സെക്രട്ടറി, എസ്.സി.വി.റ്റി
Vasudevan P
Date: 06-02-2026 21:12:01